(7) സഹകരണ ജീവനക്കാരുടെ അടിയന്തിര ആവശ്യങ്ങൾ

ശ്രീ. കെ. എ. ചന്ദ്രൻ: സർ, സഹകരണ ജീവനക്കാരുടെ അടിയന്തിരാവശ്യങ്ങൾ അംഗീകരിക്കേണ്ടതു സംബന്ധിച്ച ആവശ്യമാണ് ഞാൻ സഭയിൽ ഉന്നയിക്കുന്നത്. കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഫ്രണ്ടിന്റെ സംസ്ഥാന കൗൺസിൽ അംഗങ്ങൾ ഇന്ന് ഈ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി സെക്രട്ടേറിയറ്റ് നടയിൽ ധർണ്ണ നടത്തുകയാണ്. കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കേരളത്തിലെ സഹകരണ മേഖലയുടെ സർവതോൻമുഖമായ പുരോഗതിക്ക് സഹായകരമായ ഒരു സഹകരണ നയം സർക്കാർ എത്രയുംവേഗം പ്രഖ്യാപിക്കുക, സഹകരണമേഖലയെ തകർച്ചയിൽ നിന്ന് രക്ഷിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുക, കേരളത്തിലെ സഹകരണ മേഖലയുടെ പുരോഗതിക്ക് ഉതകുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുക, സഹകരണ ജീവനക്കാരുടെ അടിയന്തിരാവശ്യങ്ങൾ അംഗീകരിക്കുക തുടങ്ങിയവയാണ് അവരുടെ ആവശ്യങ്ങൾ. ഈ വക കാര്യങ്ങൾ കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഫ്രണ്ടിന്റെയും മറ്റ് സംഘടനകളുടേയും ഭാരവാഹികളെ വിളിച്ചുകൂട്ടി ഗവൺമെന്റ് അടിയന്തിരമായി ചർച്ചചെയ്ത് പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വി.രാഘവൻ): സർ, അവരുടെ നിവേദനം ശ്രീ. ചന്ദ്രനും അതുപോലെ ശ്രീ. പ്രതാപനും തന്നിട്ടുണ്ട്. അവരെ വിളിച്ച് സംസാരിച്ച് പ്രശ്നങ്ങൾ പരിഹരിക്കാം. അംഗങ്ങൾ അധികം ഉണ്ടെന്ന് തോന്നുന്നില്ല, കമ്മിറ്റിയെ വച്ച് അതെല്ലാം ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. പല കമ്മിറ്റികളും രൂപീകരിച്ച് കഴിഞ്ഞിട്ടുണ്ട്. അവരുടെ ആവശ്യങ്ങൾ അനുഭാവപൂർവം പരിഗണിക്കും.

V പ്രത്യേക പരാമർശം

കർഷകരുടെ ആത്മഹത്യ സംബന്ധിച്ച്

ശ്രീ. കെ. പി. രാജേന്ദ്രൻ: കേന്ദ്ര ഗവൺമെന്റ് കൃഷിക്കാരുടെ ആത്മഹത്യ സംബന്ധിച്ച് കേരള സംസ്ഥാന ഗവൺമെന്റിനോട് ചോദിച്ചപ്പോൾ കേരളത്തിലെ കർഷകരാരും ആത്മഹത്യ ചെയ്തിട്ടില്ലായെന്ന് സംസ്ഥാന ഗവൺമെന്റ് ഔദ്യോഗികമായി കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചതായി കേന്ദ്ര കൃഷി വകുപ്പുമന്ത്രി ശ്രീ. ശരത് പവാർ ജൂലായ് 5-ാം തീയതി തിങ്കളാഴ്ച പാർലമെന്റിൽ ഒരു സ്റ്റാർഡ് ക്വസ്റ്റ്യന് മറുപടിയായി പറഞ്ഞു. ഇതിനെ സംബന്ധിച്ച വാർത്ത എല്ലാ പത്രങ്ങളിലും വന്നിട്ടുണ്ട്. ഏതൊക്കെ സംസ്ഥാനങ്ങളിലാണ് കൃഷിക്കാർ ആത്മഹത്യ ചെയ്തത് എന്നാണ് ചോദ്യം ആന്ധ്ര, കർണ്ണാടക, ഒറീസ, പഞ്ചാബ്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിൽ ആത്മഹത്യ ചെയ്തവരുടെ കണക്ക് മന്ത്രി വെളിപ്പെടുത്തി.. എന്നാൽ കേരള സംസ്ഥാനത്ത് നിന്ന് ആരും ആത്മഹത്യ ചെയ്തതായി റിപ്പോർട്ടില്ല എന്നാണ് കേരള ഗവൺമെന്റ് അറിയിച്ചിട്ടുള്ളത് എന്നാണ് കേന്ദ്ര മന്ത്രി പറഞ്ഞത്. കേരളത്തിലെ ഒരു കൃഷിക്കാരനും ആത്മഹത്യ ചെയ്തിട്ടില്ലെന്നും കേന്ദ്രമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly